⇨ അധികം വൈകാതെ തടാകത്തിനു ചുറ്റും ഒരു സ്വപ്നനഗരം രൂപപ്പെടുന്നു ⇨

**നാടിന്റെ** നെല്ലറയായ പുഴക്കൽ പാടത്തിനു നടുവിൽ ആറേകാൽ ഏക്കർ സ്ഥലത്ത് 20–25 മീറ്റർ ആഴത്തിൽ ഒരു തടാകം കുഴിക്കുന്നു. 5 ലക്ഷം ചതുരശ്ര മീറ്റർ കളിമണ്ണ് കുഴിച്ചെടുക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് 50 ലക്ഷം രൂപ റോയൽറ്റിയായി കൊടുക്കേണ്ടതുണ്ട്. അവിടെ വെറും 60,000 രൂപ അടയ്ക്കുന്നു. യഥാർത്ഥ സംഖ്യയുടെ അരശതമാനം മാത്രം സർക്കാരിന് കിട്ടുന്നു. ചോദ്യം ചെയ്തവരെ ജിയോളജിസ്റ്റ് 'അയ്യേ, അത് കളിമണ്ണൊന്നുമല്ല, വെറും മണ്ണല്ലേ' എന്നു പറഞ്ഞ് കളിയാക്കിവിടുന്നു. തടാകനിർമ്മിതിയോടൊപ്പം 55 ഏക്കർ നെൽപ്പാടം മണ്ണിട്ടുനികത്തി ആയിരത്തിലധികം അപ്പാർട്ടുമെന്റുകളും ആഡംബര വില്ലകളും പണിതീർക്കുന്നു. തിയ്യറ്റർ സമുച്ചയങ്ങൾ, അമ്യൂസ്മെന്റ് പാർക്ക്, സൂപ്പർ മാർക്കറ്റ്, നീന്തൽ കുളങ്ങൾ, ടെന്നീസ്, വോളിബോൾ കോർട്ടുകൾ എന്നിങ്ങനെയുള്ളവ വേറെയും കെട്ടിയുയർത്തുന്നു.

# നിരത്തൽ മേനോന്റെ തെമ്മാടിത്ത കോളനികൾ

ശോഭാസിറ്റിക്കകത്തുവെച്ച് മുഹമ്മദ് നിസാം എന്ന തെമ്മാടി ചെയ്തതിനേക്കാൾ പതിനായിരം ഇരട്ടി വലുപ്പമുള്ള പാതകമാണ് നിയമങ്ങളെയെല്ലാം അട്ടിമറിച്ചുകൊണ്ട് വയലുകളുടെ മദ്ധ്യത്തിൽ ശോഭാസിറ്റി എന്ന ഹൈടെക് നഗരം നിർമ്മിച്ചതിലൂടെ പി.എൻ.സി. മേനോൻ ചെയ്തിരിക്കുന്നത്. ശരിയായ അർത്ഥത്തിൽ ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ് മേനോനും നിസാമും.

**എസ്. നാരായണൻ**

മനുഷ്യനിർമ്മിതമായ, രാജ്യത്തെ ഏറ്റവും വലിയ തടാകം ഇതാണെന്നാണ് മേനി പറയുന്നത്. മഴവെള്ള സംഭരണത്തിനായാണ് ഇത് ഉപയോഗിക്കുക എന്നും വെയ്സ്റ്റ് വാട്ടർ റീസൈക്കിളിങ്ങ് ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിപ്പുണ്ടാകുന്നു. അധികം വൈകാതെ തടാകത്തിനു ചുറ്റും ഒരു സ്വപ്നനഗരം രൂപപ്പെടുന്നു. നെൽപാടത്തിന്റെ ഒത്ത മദ്ധ്യത്തിൽ 55 ഏക്കർ സ്ഥലം നികത്തി പണിതിരിക്കുന്ന ഈ ഹൈടെക് സിറ്റി, തൃശൂരിലെ കോൾ നിലത്തേക്ക് വെള്ളം കൊണ്ടുവരുന്ന പീച്ചി ഇടതുകര കനാലിനും അവിടെ നിന്നും പുഴക്കൽ പാടത്തേക്ക് കൃഷിക്ക് വേണ്ടി വെള്ളമെത്തിക്കുന്ന വലിയ തോടിനും ഇടയിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയ കർഷകർ പരിഭ്രാന്തിയിലാകുന്നു. പട്ടിയെ കുളിപ്പിക്കാനും കാറ് കഴുകാനും സ്വിമ്മിംഗ് പൂൾ നിറക്കാനും ആവശ്യമായ വെള്ളം പീച്ചിയിൽ നിന്നും കാലാകാലം സർക്കാർ ചെലവിൽ കനാലിലൂടെ തടാകത്തിലേക്ക് എത്തിക്കൊണ്ടിരിക്കും. ഉറവയായി തടാകത്തിൽ നിറയുന്ന വെള്ളത്തിന് മീറ്റർ വെച്ചുള്ള അളവ് സാദ്ധ്യമല്ലാത്തതിനാൽ ജല അതോറിറ്റിക്ക് പണവും നൽകേണ്ടതില്ല. പൈപ്പിലൂടെ കണക്ഷൻ എടുത്തിട്ടുള്ള, സ്വപ്നനഗരത്തിനു പുറത്ത് താമസിക്കുന്ന സാധാരണ ജനങ്ങൾക്കാണ് വെള്ളക്കരം കൃത്യമായി അടച്ച് ജല അതോറിറ്റിയെ നിലനിർത്തേണ്ട ബാധ്യത.

നെൽകൃഷിക്കായി വേനൽ കാലത്ത് പീച്ചി ഡാമിൽ നിന്നും കൊണ്ടുവരുന്ന വെള്ളം സ്വപ്നനഗര

ത്തിന്റെ മൂന്നുഭാഗത്തുകൂടിയും ഒഴുകുന്ന ഇടതുകര കനാലിലൂടെ ചുറ്റിവളഞ്ഞാണ് കോൾ നിലത്തേക്ക് എത്തേണ്ടത്. ഫലത്തിൽ പീച്ചിയിലെ വെള്ളം കൃഷിസ്ഥലത്തേക്കല്ല, ഉറവയായി തടാകത്തിലേക്കും അവിടെ നിന്ന് ഫ്ളാറ്റുകളിലേക്കുമാണ് എത്തുകയെന്നറിഞ്ഞ കർഷകർ എതിർപ്പുമായി രംഗത്തെത്തുന്നു. എതിർപ്പുകളെല്ലാം പണവും സൂത്രങ്ങളും അധികാര ബന്ധങ്ങളും ഉപയോഗിച്ച് അടിച്ചമർത്തപ്പെടുന്നു.

തൃശൂരിലെ പുഴക്കൽ പാടത്ത് ശോഭാസിറ്റി എന്ന പേരിൽ ഹൈടെക് നഗരം ഉയർന്നുവരുന്നതിന്റെ തുടക്കകാലത്തെ പറ്റിയാണ് പറഞ്ഞുവരുന്നത്. തുടക്കം മുതൽ തന്നെ നിരവധി കർഷകരും നാട്ടുകാരും എതിർപ്പുമായി രംഗത്തുണ്ടായിരുന്നു. നിയമവ്യവസ്ഥ നിലനിൽക്കുന്ന ഒരു നാട്ടിലും ഇത്തരം നഗരം പടുത്തുയർത്താനാവില്ല. തണ്ണീർത്തടം നികത്താൻ പാടില്ലെന്ന നിയമവും കൃഷി ചെയ്തുകൊണ്ടിരിക്കുന്ന നെൽപാടങ്ങൾ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന

മുഹമ്മദ് നിസാം എന്ന കോടീശ്വരനായ വ്യവസായി, ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരനെ കാറിടിച്ചും തൊഴിച്ചും കൊലപ്പെടുത്തിയ വാർത്ത ഞെട്ടലോടുകൂടിയല്ല തൃശൂർ നഗരം ഉൾക്കൊണ്ടത്. കാരണം ഒരു തെമ്മാടിക്കോളനിയിൽ നിന്നും ഇതും ഇതിലപ്പുറവും പുറത്തുള്ളവർ പ്രതീക്ഷിക്കുന്നുണ്ട്. ശോഭാസിറ്റി ഭൂമിയോടും മണ്ണിനോടും ചെയ്ത കൊടുംപാതകവുമായി തുലനം ചെയ്യുമ്പോൾ മുഹമ്മദ് നിസാമിന്റേത് വെറും പെറ്റിക്കേസ് മാത്രമാണ്.

നിയമവുമെല്ലാം പി.എൻ.സി. മേനോൻ എന്ന ശതകോടീശ്വരന്റെ മുന്നിൽ കരിയില കണക്കെ പറന്നുപോയി. ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ നേതാക്കളുടേയും പൂർണ്ണ സഹകരണത്തോടെ നിയമങ്ങളും നീതിയുമെല്ലാം അട്ടിമറിച്ചുകൊണ്ട് നെൽപാടങ്ങൾക്കു നടുവിൽ ധാർഷ്ട്യത്തോടെ ശോഭാസിറ്റി ഉയർന്നുനിന്നു. 'ജലദേവതയുടെ അനുഗ്രഹം ശോഭയിൽ നിറഞ്ഞൊഴുകുന്നു', 'ശോഭനം ഈ തടാകം' എന്നൊക്കെ മനോരമയെപ്പോലുള്ള പത്രങ്ങൾ ഇതിനെ വാഴ്ത്തി. ഇതെല്ലാം അറിഞ്ഞുകൊണ്ടുതന്നെ കോടിക്കണത്തിന് രൂപയുടെ കള്ളപ്പണം കൈയിലുള്ള മുഹമ്മദ് നിസാമിനെ പോലുള്ള തെമ്മാടികൾ തങ്ങൾക്ക് യോജിച്ച വാസസ്ഥലമായ ശോഭാ സിറ്റിയിൽ ഫ്ളാറ്റുകളും വില്ലകളും സ്വന്തമാക്കി പാർപ്പുതുടങ്ങി. വീട് വാങ്ങിക്കുന്നതിലും താമസം ആരംഭിക്കുന്നതിലും മുതൽ ഒരു തരത്തിലുള്ള സാമൂഹ്യബോധമോ പരിസ്ഥിതി സ്നേഹമോ പ്രകടിപ്പിക്കാത്ത, പണത്തിന്റെ മൂല്യം മാത്രം മനസ്സിലാകുന്ന ശോഭാ സിറ്റിയിലെ അന്തേവാസികളിൽ നിന്ന് എന്തുതരം സംഭാവനയാണ് പുറം ലോകത്തിന് ലഭിക്കുക എന്ന് ജനങ്ങൾക്ക് നല്ല ബോധ്യമുണ്ട്. കള്ളപ്പണക്കാരുടെയും അധികാര ദല്ലാളന്മാരുടെയും കേന്ദ്രമായ ശോഭാ സിറ്റിയിൽ നിന്ന് ചന്ദനഗന്ധം വീശുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ മുഹമ്മദ് നിസാം എന്ന കോടീശ്വരനായ വ്യവസായി, ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരനെ കാറിടിച്ചും തൊഴിച്ചും കൊലപ്പെടുത്തിയ വാർത്ത ഞെട്ടലോടുകൂടിയല്ല തൃശൂർ നഗരം ഉൾക്കൊണ്ടത്. കാരണം ഒരു തെമ്മാടിക്കോളനിയിൽ നിന്നും ഇതും ഇതിലപ്പുറവും പുറത്തുള്ളവർ പ്രതീക്ഷിക്കുന്നുണ്ട്. ശോഭാസിറ്റി ഭൂമിയോടും മണ്ണിനോടും ചെയ്ത കൊടുംപാതകവുമായി തുലനം ചെയ്യുമ്പോൾ മുഹമ്മദ് നിസാമിന്റേത് വെറും പെറ്റിക്കേസ് മാത്രമാണ്.

പാതിരാത്രിക്ക് ശോഭാസിറ്റിയുടെ ഗേറ്റിനു പുറത്തുനിന്നും കാറിൽ വന്ന് ഹോൺ മുഴക്കിയപ്പോൾ തുറന്നുകൊടുക്കാൻ വൈകി എന്ന കുറ്റത്തിനാണ് അവിടത്തെ അന്തേവാസിയായ മുഹമ്മദ് നിസാം എന്ന വ്യവസായി, ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരനെ കാർ ദേഹത്തു കയറ്റി കൊന്നു കളഞ്ഞത്. ഓടിമാറാൻ ശ്രമിച്ച ചന്ദ്രബോസിനെ, ഒരുകോടിയിലധികം വിലവരുന്ന തന്റെ ഹമ്മർ കാറുകൊണ്ട് നിസാം ഇടിച്ചുവീഴ്ത്തി. ജീവനു വേണ്ടി ശോഭാസിറ്റിക്കു മുന്നിലെ ഫൗണ്ടനു ചുറ്റും വട്ടത്തിലോടിയ ചന്ദ്രബോസിനെ കാറിൽ പിൻതുടർന്നാണ് നിസാം ഇടിച്ചിട്ടത്. തുടർന്ന് നിസാം ഫ്ളാറ്റിൽ നിന്നും ഭാര്യയെ ഫോണിൽ വിളിച്ചുവരുത്തി. ഭാര്യ മറ്റൊരു കാറിൽ അവിടെയെത്തുന്നു. പരിക്കേറ്റുകിടക്കുന്ന ചന്ദ്രബോസിനെ കാറിലേക്കു വലിച്ചുകയറ്റി ഫ്ളാറ്റിൽ കൊണ്ടുചെന്ന ശേഷം ഇരുമ്പുവടിയും മറ്റും ഉപയോഗിച്ച് വീണ്ടും മർദ്ദിക്കുന്നു. മുക്കാൽ മണിക്കൂറോളം മർദ്ദനം തുടർന്നു. അതിനു ശേഷമാണ് മറ്റു സെക്യൂരിറ്റിക്കാർ ഇടപെട്ട് ചന്ദ്രബോസിനെ അബോധാവസ്ഥയിലായ നിലയിൽ അമല ആസ്പത്രിയിലാക്കുന്നത്.

ജനുവരി 29നാണ് ശോഭാ സിറ്റിയിൽ ഈ അതിക്രമം നടന്നത്. 19 ദിവസത്തെ നരകയാതനകൾക്ക് ശേഷം ഫെബ്രു. 16 ന് ച



ന്ദ്രബോസ് മരിച്ചു. ഇതിനിടയിൽ 4 ശസ്ത്രക്രിയകൾ നടന്നു. ചന്ദ്രബോസിന്റെ ശരീരത്തിലെ 9 വാരിയെല്ലുകളും തകർന്നിരുന്നു. ദേഹത്ത് മുഴുവൻ ചതവും പതിനഞ്ചോളം മുറിവുകളും ഉണ്ടായിരുന്നു. ചന്ദ്രബോസിനെ ആസ്പത്രിയിലെത്തി സന്ദർശിച്ച സുഹൃത്ത് കാണായിശേരി ഗോപി കൂട്ടുകാരന്റെ ദാരുണമായ അവസ്ഥ കണ്ട് ഹൃദയാഘാതം മൂലം മരിച്ചു.

ജനരോഷത്തെ തണുപ്പിക്കാനായിരിക്കാം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആസ്പത്രിയിൽ അതിവേഗമെത്തി ചന്ദ്രബോസിനെ സന്ദർശിച്ചു. എല്ലാ ചികിത്സാ ചെലവുകളും സംസ്ഥാന സർക്കാർ വഹിക്കുമെന്ന് പതിവുപോലെ പ്രഖ്യാപനവും നടത്തി. മുഖ്യമന്ത്രിയുടെ ഞഞ്ഞാപിഞ്ഞാ വർത്തമാനത്തിന്റെ വില ശരിക്കും അറിയാവുന്നതുകൊണ്ടായിരിക്കാം ജില്ലാ ഭരണാധികാരികളൊന്നും ആ വഴിക്കുതന്നെ വന്നില്ല. സർക്കാർ വാഗ്ദാനം ചെയ്ത ഒരു സഹായവും കിട്ടുന്നില്ലെന്ന പരാതി ഉയരുകയും ചന്ദ്രബോസിന്റെ സ്ഥിതി അത്യന്തം ഗുരുതരാവസ്ഥയിലേക്ക് നിങ്ങുകയാണെന്ന റിപ്പോർട്ട് പുറത്തുവരികയും ചെയ്തതോടെ ആഴ്ചകൾക്ക് ശേഷം ജില്ലാ ഭരണകൂടം തിടുക്കത്തിൽ 25000 രൂപ ആശുപത്രിയിലെത്തിച്ചു. രണ്ടു ദിവസത്തിനുള്ളിൽ തന്നെ ചന്ദ്രബോസ് മരിക്കുകയും ചെയ്തു. അത്യന്തം ശോചനീയാവസ്ഥയിലായ കുട്ടികളെയും താങ്ങിയെടുത്ത് മുഖ്യമന്ത്രിയെ തൃക്കൺ പാർക്കാനായി ജനസമ്പർക്ക പരിപാടിയിലേക്കെത്തുകയും 'അത് ഞമ്മളേറ്റു' എന്ന വാക്കു വിശ്വസിച്ച് മടങ്ങുകയും ചെയ്ത വഞ്ചിക്കപ്പെട്ട എത്രയോ അമ്മമാരെ ഉദ്യോഗസ്ഥർക്കുതന്നെ അറിയാം. മുഖ്യമന്ത്രി ഏറ്റെടുത്തു എന്നറിഞ്ഞതോടെ നാട്ടുകാരുടെ നിലവിലുള്ള സഹായവും നഷ്ടപ്പെട്ട് അതുമില്ല ഇതുമില്ല എന്ന അവസ്ഥയിൽ ഒരു കൊല്ലത്തോളമായി നരകജീവിതം നയിക്കുന്നവരെ മാധ്യമങ്ങൾ പുറത്തു കൊണ്ടുവന്നിട്ടും ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. കുളത്തിൽ കിടക്കുന്ന ചണ്ടിയുടെ വില പോലും തന്റെ വാക്കുകൾക്ക് ഉണ്ടാകരുതെന്ന് ഉമ്മൻചാണ്ടിക്ക് നിർബ്ബന്ധമുണ്ട്. ചന്ദ്രബോസ് വധത്തിൽ ശക്തമായ അന്വേഷണം ഉണ്ടാകുമെന്ന് പറയുമ്പോഴും കോൺസ്റ്റബിൽ മുതൽ ഡി.ജി.പി വരെയുള്ളവർ നിസാമിനു വേണ്ടി ഒറ്റക്കെട്ടായി നിൽക്കുന്നതിന്റെ വാർത്തകൾ ദിവസേന വന്നുകൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ വാക്കുകൾക്ക് വിലയില്ലെങ്കിലും അയാളെ ചാരിനിൽക്കുന്ന സലിംരാജും സരിതാനായരും ജിക്കുമോനും ജോപ്പനും കോപ്പനുമെല്ലാം അവർ ആഗ്രഹിക്കുന്ന കൊള്ളകൾ സംസ്ഥാന ഭരണത്തിന്റെ മറവിൽ നടത്തുന്നുമുണ്ട്.

പ്രതി നിസാമിനെതിരെ നടക്കുന്നതിനേക്കാൾ കൂടുതൽ അന്വേഷണങ്ങൾ പോലീസിനെതിരെയാണ് നടക്കുന്നത്. കേരളാപോലീസിന്റെ അന്വേഷണത്തിൽ വിശ്വാസമില്ലെന്ന് വീട്ടുകാർ തുറന്നുപറഞ്ഞു. എത്രത്തോളം തങ്ങളെ പറ്റിക്കാമോ അത്രത്തോളം പറ്റിക്കാനാണ് പോലീസ് ഉത്സാഹിക്കുന്നതെന്ന് ചന്ദ്രബോസിന്റെ സഹോദരൻ ധനേഷ് ആരോപിക്കുന്നു. 19 ദിവസം ആശുപത്രിയിൽ കിടന്നിട്ടും ചന്ദ്രബോസിന്റെ മൊഴി പോലീസ് എടുത്തിട്ടില്ല. സംസാരിക്കാനാവുന്ന അവസ്ഥയിലായിരുന്നില്ല ചന്ദ്രബോസ് എന്നാണ് പോലീസ് മൊഴിയുന്നത്. ഭാര്യയും ബന്ധുക്കളും ഡോക്ടർമാരും ചന്ദ്രബോസ് തങ്ങളോട് സംസാരിച്ചിരുന്നെന്ന് പറയുന്നു. സംസാരിക്കാൻ തടസ്സമൊന്നുമുണ്ടായിരുന്നില്ലെന്ന് മെഡിക്കൽ റിപ്പോർട്ടും വ്യക്തമാക്കുന്നു. മൊഴിയെടുക്കാത്തത് നിസാമിനെതിരെയുള്ള കേസിന്റെ ബലം കുറക്കാനാണെന്ന ആരോപണമുയർന്നപ്പോൾ, ചന്ദ്രബോസിനെ വെന്റിലേറ്ററിലേക്ക് മാറ്റിയ തക്കം നോക്കി പോലീസ് മജിസ്ട്രേറ്റുമായി എത്തുകയും മൊഴിയെടുക്കാൻ സാധിക്കുന്നില്ലെന്ന നാടകം കളിച്ച് തിരിച്ചുപോവുകയും ചെയ്തു. തെളിവുകളെല്ലാം പൂർണ്ണമായും നശിച്ചു എന്നുറപ്പായപ്പോൾ മൂന്ന് ആഴ്ചയ്ക്ക് ശേഷം സംഭവസ്ഥലവും കാറും ഫ്ളാറ്റും ഫോറൻസിക് വിദഗ്ദ്ധനെ കൊണ്ടുവന്ന് പരിശോധിപ്പിച്ചു. ആക്രമണത്തിൽ പരിക്കുപറ്റി രക്തത്തിൽ കുതിർന്ന് ആശുപത്രിയിൽ അഡ്മി

റ്റാകുന്ന സമയത്ത് ചന്ദ്രബോസ് ധരിച്ചിരുന്ന വസ്ത്രം പ്രധാന തെളിവ് ആകേണ്ടതാണ്. വസ്ത്രം ഇപ്പോൾ കാണാനില്ലെന്ന് കേൾക്കുന്നു. ആശുപത്രിക്കാർ അത് ചവിറ്റുകുട്ടയിലിട്ടെന്നും തങ്ങൾക്ക് അത് കിട്ടിയില്ലെന്നുമൊക്കെ പോലീസ് തരാതരംപോലെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഫോറൻസിക് ലാബിൽ പരിശോധിച്ചാൽ നിസാമിന്റെ കാറിലുള്ള രക്തവും അതിന്റെ പെയിന്റും വസ്ത്രത്തിൽ കണ്ടെത്തുന്നത് നിസാമിനു ബുദ്ധിമുട്ടാകുമെന്ന് പോലീസിനാണല്ലോ കൂടുതൽ അറിയുന്നത്. പുതിയതായി ചാർജ്ജെടുത്ത കമ്മീഷണർ നിശാന്തിനിക്ക് ഇതെല്ലാം വെറും നിസ്സാരമായ കാര്യങ്ങളാണ്. വസ്ത്രങ്ങൾ കേസിൽ നിർണ്ണായകമല്ലെന്നും കേസന്വേഷണത്തെ ഒരു തരത്തിലും ബാധിക്കില്ലെന്നുമാണ് മാഡം പറയുന്നത്. ശക്തമായ തെളിവുകളും സാക്ഷികളും വേറെയുള്ളപ്പോൾ ഇതെല്ലാം എന്തിന് എന്നാണവർ ചോദിക്കുന്നത്. അപ്പോഴും വസ്ത്രം നഷ്ടപ്പെട്ടത് ആശുപത്രിയിൽ നിന്നോ പോലീസിൽ നിന്നോ എന്നറിയാനുള്ള അന്വേഷണവും നടത്തുന്നുണ്ട്. കാക്കിക്കൊണ്ടും ഖദറുകൊണ്ടും പൊതിഞ്ഞു നടന്നിട്ടും നഗ്നത മറയ്ക്കാനാവാതെ ഉഴലുന്നവർക്കിടയിൽ വസ്ത്രങ്ങൾക്ക് എന്ത് പ്രസക്തി എന്ന താത്വിക നിലവാരത്തിലേക്ക് കംഷണർ ഉയർന്നു എന്നുതോന്നുന്നു. പേരാമംഗലം സ്റ്റേഷനിൽ കിടക്കുന്ന ഹമ്മർ കാറിന്റെ ബ്രേക്ക് നഷ്ടപ്പെടാനുള്ള സാദ്ധ്യത നാട്ടുകാർ ഇപ്പോഴേ കാണുന്നുണ്ട്. അങ്ങനെയാകുമ്പോൾ ചന്ദ്രബോസിന്റെ മരണം കാറിന് ബ്രേക്കില്ലാത്തതുകൊണ്ട് സംഭവിച്ച വെറും റോഡ് ആക്സിഡന്റ് ആകുമല്ലോ. നിസാമിന്റെ എളാപ്പയും ബന്ധുക്കളും മാനേജർമാരും പണം നിറച്ച ബാഗുകളും സഞ്ചികളുമായി ഓടിനടക്കുമ്പോൾ മറ്റൊരു സാധ്യതക്കും ഇടമില്ല. ലക്ഷങ്ങളുടെ പണക്കിഴിക്ക് പുറമെ ഓരോ കോൺസ്റ്റബിളിനും ഓരോ കാർ എന്ന നിലയിലാണ് ഓഫർ എത്തിനിൽക്കുന്നത്.

സ്വന്തം ഭാര്യ നൽകിയ പീഡനക്കേസും മോർഫ് ചെയ്ത് നഗ്നചിത്രം ഫേസ്ബുക്കിലിട്ടതിന് സഹോദരഭാര്യ നൽകിയ കേസും ഉൾപ്പെടെ 16 കേസുകളാണ് നിസാമിനെതിരെയുള്ളത്. ബലാത്സംഗത്തിന് ശ്രമിച്ചെന്ന പേരിൽ ബാംഗ്ലൂരിലെ കാമുകി കൊടുത്ത കേസ്, വീട്ടിൽ കയറി കൊല്ലാൻ ശ്രമിച്ചതിന് എഞ്ചിനീയറിങ്ങ് കോളേജ് മേധാവി കൊടുത്ത കേസ്, എട്ടുവയസുള്ള മകനെകൊണ്ട് ഫെരാരി കാർ ഓടിച്ച് യുട്യൂബിൽ ഇട്ട കേസ് എന്നിങ്ങനെ പോകുന്നു നിസാമിനെതിരെയുള്ള കേസുകളുടെ വിവരങ്ങൾ. നിസാം കേസിൽ പെടുന്നതോടെ പോലീസുകാരാണ് സന്തോഷിക്കുന്നത്. വാളയാർ ചെക്ക് പോസ്റ്റിലേക്ക് നിയമനം ലഭിക്കാൻ വിൽപ്പന നികുതി ഉദ്യോഗസ്ഥർ ആഗ്രഹിക്കുന്നതുപോലെ 5000 കോടി രൂപ ആസ്തിയുള്ള മുഹമ്മദ് നിസാം താമസിക്കുന്ന ശോഭാ സിറ്റി ഉൾപ്പെടുന്ന പേരാമംഗലം സ്റ്റേഷനിലേക്ക് മാറ്റം കിട്ടുവാൻ പോലീസുകാരും കൊതിക്കുന്നു. കൈത്തരിപ്പ് മാറ്റുന്നതിന് നിസാം ഇടയ്ക്കിടയ്ക്ക് ആരെയെങ്കിലും ചവുട്ടി കൊല്ലുകയോ കാറോടിച്ചു കയറ്റുകയോ സ്ത്രീകളെ മാനഭംഗപ്പെടുത്തുകയോ പോലുള്ള ലീലാവിലാസങ്ങൾ നടത്തിക്കൊണ്ടിരിക്കും എന്നവർക്കുറപ്പുണ്ട്. കേസിൽ നിന്നൊഴിവാകാൻ വേണ്ടി ലക്ഷങ്ങളാണ് കാക്കികുപ്പായത്തിന്റെ പോക്കറ്റുകളിലേക്ക് ഒഴുകുക. വനിതാ എസ്.ഐ യെ കാറിൽ രണ്ടു മണിക്കൂർ നേരം പൂട്ടിയിട്ടിട്ട് പോലും പോലീസിന് യാതൊരു തരത്തിലുമുള്ള ആത്മാഭിമാന പ്രശ്നവും തോന്നിയിട്ടില്ല. കോടികൾ വിലമതിക്കുന്ന തന്റെ കാറുകൾ ഇടാൻ യോഗ്യതയുള്ള ഒറ്റ പോലീസ് സ്റ്റേഷനും കേരളത്തിലില്ലെന്നും പറഞ്ഞാണ് നിസാം കാറുമായി അന്ന് മടങ്ങിയത്.

നിസാമിനെതിരെയുള്ള കേസുകളെല്ലാം ദുർബ്ബലമായതിന്റെ പിറകിലുള്ള കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. പ്രൊസിക്യൂഷൻ എതിർക്കാത്തതുകൊണ്ടാണ് നിസാം കേസുകളിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാറിന്റെ അഡ്വക്കെറ്റ് ജനറലായ കെ.പി.ദണ്ഡപാണിയുടെ മകൻ മല്ലുദണ്ഡപാണിയാണ് നിസാമിന്റെ അഭിഭാഷകൻ. ദണ്ഡപാണിയുടെ ഭാര്യയും വക്കീലുതന്നെയാണ്. സംസ്ഥാനസർക്കാറിന്റെ എ.ജി യുടെ കുടുംബം ദണ്ഡുമായി കാവൽ നിൽക്കുന്നതുകൊണ്ടാണ് നിസാം നിരന്തരമായി ദണ്ഡനങ്ങൾ കാണിക്കുന്നതെന്ന പരാതി ഉയർന്നപ്പോൾ ഡയറക്ടർ ജനറൽ ഓഫ് പോലീസ് തന്നെ വാർത്താസമ്മേളനം നടത്തി അത് നിഷേധിച്ചു. പ്രോസിക്യൂഷൻ എതിർക്കാത്തതുകൊണ്ടല്ല, വാദിക്ക് പരാതിയില്ലാത്തതുകൊണ്ടാണ് നിസാമിനെതിരെയുള്ള കേസുകൾ റദ്ദായതെന്നാണ് ഡിജിപി പറയുന്നത്. നിസാമിനു വേണ്ടി കോടതിയിൽ എ.ജി യുടെ മകൻപാണിനി ഹാജരാകുന്നതുകൊണ്ടാണ് പ്രൊസിക്യൂഷൻ ആയ അച്ഛൻപാണിനി എതിർക്കാത്തതെന്ന് കോടതിയുടെ പരാമർശമുണ്ടല്ലോ എന്ന് ചോദിച്ചപ്പോൾ ഡി.ജി.പി ആസിഫ് അലിക്ക് ഉത്തരമില്ലായിരുന്നു.

വേലിതന്നെ വിളവുതിന്നുന്ന അവസ്ഥയായതുകൊണ്ട് കാക്കിയിട്ടവർ തന്നെ പരസ്പരം അന്വേഷിക്കുകയാണ്. അതിന്റെ ഭാഗമായി മുൻ സിറ്റി കമ്മീഷണർ ജേക്കബ്

ജോബ് സസ്പെൻഷനിലായി. കത്തോലിക്കാമെത്രാന്റെ ശുപാർശയുടെ കൂടി ബലത്തോടെ ഐ.പി.എസ് നേടിയ അദ്ദേഹം പാപിയുടെ പക്ഷത്തുനിൽക്കാൻ തീരുമാനിച്ചതിൽ അത്ഭുതമില്ല. സംഭവദിവസം നിസാമുമായി കമ്മീഷണർ ഒന്നര മണിക്കൂർ രഹസ്യ ചർച്ചനടത്തിയെന്ന പരാതിയിലുള്ള അന്വേഷണത്തിന്റെ റിപ്പോർട്ട് എ.ഡി.ജി.പി ശങ്കർ റെഡ്ഡി സമർപ്പിച്ചതിനെ തുടർന്നാണ് സസ്പെൻഷൻ നടപടി. ഈ അന്വേഷണവും നടപടിയുമൊന്നും സർക്കാറിന്റെ മുൻകൈയിൽ ഉണ്ടായതല്ല എന്നതാണ് ശ്രദ്ധിക്കേണ്ടത്. പൊതുപ്രവർത്തകർ നിരന്തരമായ ജാഗ്രതയോടെ കോടതിയിൽ പരാതി കൊടുക്കുന്നതുകൊണ്ട് നിൽക്കക്കള്ളിയില്ലാതായതിനാൽ അന്വേഷണത്തിന് ഉത്തരവിടേണ്ടിവന്നതാണ്. മൊഴിയെടുക്കാനാവാത്ത അവസ്ഥയിലായിരുന്നു ചന്ദ്രബോസെന്ന് ഡോക്ടർമാർ തന്നോട് വിശദീകരിച്ചെന്നാണ് പകരം കമ്മീഷണറായിവന്ന നിശാന്തിനി ചുമതലയേറ്റയുടനെ പറഞ്ഞത്. പുതിയ കംഷണറുടെ അന്വേഷണം എവിടെയെത്തുമെന്നതിന്റെ സൂചന അതിലുണ്ടായിരുന്നു. ഡി.ജി.പി ബാലസുബ്രഹ്മണ്യം ഈ കേസിൽ ഇടപെട്ടിട്ടുണ്ടെന്നും ഡി.ജി.പി യുടെ നോമിനിയാണ് പുതിയ കമ്മീഷണറെന്നും ചീഫ് വിപ്പ് പി.സി.ജോർജ്ജ് പറഞ്ഞതോടെ കാര്യങ്ങളെല്ലാം പകൽ പോലെ വ്യക്തമായി. തെളിവുകൾ ഉടൻ പുറത്തുവിടുമെന്നു പറഞ്ഞ അദ്ദേഹം ഈ കേസുമായി ബന്ധപ്പെട്ട് രണ്ട് നേതാക്കന്മാർ മൂന്നും മൂന്നും ആറുകോടി രൂപ കൈക്കലാക്കിയിട്ടുണ്ടെന്ന് ആരോപിക്കുന്നു. ഇതിനിടയിൽ ഡി.സി.സി പ്രസിഡണ്ട് ഒ. അബ്ദുൾ റഹിമാൻകുട്ടിയും എം.എൽ.എ പി.എ മാധവനും ജെയിലിലെത്തി നിസാമിനെ കണ്ടെന്ന വാർത്തക്കും വലിയ പ്രചാരണം ലഭിച്ചു. തൃശൂർ ശങ്കരയ്യർ റോഡ് ജംഗ്ഷനിലുള്ള നിസാമിന്റെ കെട്ടിടത്തിലാണ് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് നടന്നപ്പോൾ യു.ഡി.എഫ് സ്ഥാനാർത്ഥിയായിരുന്ന കെ.പി.ധനപാലന്റെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് പ്രവർത്തിച്ചത്. കോൺഗ്രസ് നേതാക്കൾ നിസാമിനെ നിർണ്ണായക ഘട്ടത്തിൽ സന്ദർശിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിലുള്ള ഉദ്ദേശം 'രാഷ്ട്രീയക്കാർ നന്ദിയില്ലാത്തവരല്ല' എന്ന സന്ദേശം ലോകത്തിന് കൊടുക്കുക എന്നത് മാത്രമായിരിക്കാനാണ് സാദ്ധ്യത. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് ആരോ എവിടെയോ പറഞ്ഞിട്ടുമുണ്ടല്ലോ.

കൈരളി ചാനലിൽ നടന്ന ഒരു ചർച്ചയിൽ, കോൺഗ്രസ്സിനു വേണ്ടി സംസാരിക്കാനെത്തിയയാൾ നിസാമിന്റെ മുഴുവൻ ഉത്തരവാദിത്വവും തങ്ങൾക്കല്ലെന്നും പകുതി കേസുകളെങ്കിലും കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്താണ് നടന്നിട്ടുള്ളതെന്നും വിളിച്ചു പറഞ്ഞു. പാർട്ടിയുടെ താൽക്കാലിക ഭരണാധികാരിയായി ജില്ലയിൽ കുറച്ചുനാൾ ചാർജ്ജുണ്ടായിരുന്നയാൾ നിസാമിന്റെ 'ലാൻഡ് റോവർ' ഉപയോഗിച്ചിരുന്നതിനെ പറ്റി കൂടി അന്വേഷണവും ചർച്ചയും വേണമെന്ന് പറഞ്ഞതോടെ കൈരളിയുടെ അന്നത്തെ ഇടപാട് അവതാരകൻ ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി എന്ന് പറഞ്ഞ് അവസാനിപ്പിച്ചുകളഞ്ഞു.

മുഹമ്മദ് നിസാമിന്റെ പോലീസ്-രാഷ്ട്രീയ ബന്ധങ്ങൾ തുറന്നുകാണിക്കുന്നതിൽ പത്രങ്ങളും ചാനലുകളും ഒറ്റക്കെട്ടായി നിലകൊണ്ടു. നിസാമിന്റെ ഉടമസ്ഥതയിലുള്ള കിംഗ്സ് ബീഡിക്കോ റിയൽ എസ്റ്റേറ്റ് ഏർപ്പാടുകൾക്കോ പത്രമാധ്യമങ്ങളിൽ പരസ്യം കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? കല്ല്യാൺ സ്വാമിയെപോലെ പത്രങ്ങൾക്കും ചാനലുകൾക്കും കോടിക്കണക്കിനു രൂപയുടെ പരസ്യം കൊടുക്കുന്നയാളായിരുന്നു നിസാമെങ്കിൽ ഈ കൊലപാതകവാർത്ത പുറത്ത് ആരുമറിയില്ലായിരുന്നു. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും മനുഷ്യത്വപരമായ സമീപനം ഉണ്ടാകണമെന്നാവശ്യപ്പെട്ട് കല്ല്യാൺ




കല്യാൺ സാരീസിന് എതിരായ സമരത്തിൽ ഉപവാസം അനുഷ്ഠിക്കുന്ന തൊഴിലാളികൾ

സാരീസിനു മുന്നിൽ തൊഴിലാളികൾ പന്തലുകെട്ടി സമരം തുടങ്ങിയിട്ട് രണ്ടുമാസം കഴിഞ്ഞു. അങ്ങിനെ ഒരു സമരം നടക്കുന്നതായി മലയാള പത്രങ്ങൾ വായിക്കുന്നവർക്കോ ചാനൽ കാണുന്നവർക്കോ ഇന്നുവരെ അറിയില്ല. സീസറിനുള്ളത് സീസറിന് എന്നു പറഞ്ഞതുപോലെ പണത്തിന്റെ ഒരു ഓഹരി മാധ്യമ മുതലാളിക്ക് പരസ്യ ഇനത്തിൽ കൊടുത്തിരുന്നെങ്കിൽ കല്ല്യാൺ സാരിസിൽ നടക്കുന്ന സമരം പോലെ ഈ കൊലപാതകത്തിന്റെയും സ്ഥാനം ചവറ്റുകൊട്ടയിൽ ഉറപ്പിക്കാമായിരുന്നു. കള്ളപ്പണത്തിന്റെ വിഹിതം പത്രമാധ്യമങ്ങൾക്ക് കൊടുക്കാതിരുന്നതു കൊണ്ട് പോലീസ് - രാഷ്ട്രീയ കള്ളക്കളികൾ എല്ലാമറയും നീക്കി പുറത്തുവന്നു. പാതിരാത്രിക്ക് സൂര്യൻ ഉദിച്ചപോലെ ശോഭാ സിറ്റിക്കുള്ളിൽ നടന്ന എല്ലാ അവിഹിത കൂട്ടുകെട്ടുകളും ഒരു രാത്രിയോടെ ലോകത്തിനു മുന്നിൽ വെളിപ്പെട്ടു. ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ മുഖം രക്ഷിക്കാനായി എന്നും ചെയ്തുവരുന്ന എളുപ്പപ്പണിതന്നെ ഇപ്പോഴും ചെയ്തു. അവർ കുടുംബത്തിന് 10 ലക്ഷം രൂപയും ചന്ദ്രബോസിന്റെ ഭാര്യക്ക് സർക്കാർ ജോലിയും കൊടുക്കുമെന്ന് പ്രഖ്യാപിച്ചു.

> നെൽവയൽ നീർത്തട നിയമം അട്ടിമറിച്ചുകൊണ്ട് പുഴക്കൽ പാടത്ത് 19 ഏക്കറിൽ നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കണമെന്നും പാടം പൂർവ്വ സ്ഥിതിയിലാക്കണമെന്നും കാണിച്ച് ഹൈക്കോടതി ഉത്തരവിട്ടു. നെൽവയൽ നീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നടക്കുന്ന നിയമപോരാട്ടങ്ങൾക്ക് ബലം പകരുന്ന ഈ വിധി പക്ഷേ പത്രങ്ങളിലൊന്നും വന്നില്ല.

ശോഭാ സിറ്റിക്കും മുഹമ്മദ് നിസാമിനുമെതിരെയുള്ള കേസുകളുടെ ഗതി ഏതുവഴിക്കാണെന്ന് തൃശൂർ ജില്ലാ പഞ്ചായത്ത് അംഗമായ അഡ്വ. വിദ്യാ സംഗീത് ശോഭാസിറ്റിക്കെതിരെ ഈയിടെ കൊടുത്ത കേസിനെ പറ്റി അന്വേഷിച്ചാൽ മനസ്സിലാകും. 2002 ൽ ശോഭ ഡെവലപ്പേഴ്സ് നിർമ്മാണ പ്രവർത്തം പൂർത്തിയാക്കിയ പ്രദേശത്തോട് ചേർന്ന് വീണ്ടും 19 ഏക്കർ പാടംവാങ്ങി നികത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിനെതിരെയാണ് ഹർജി കൊടുത്തിട്ടുള്ളത്. ഈ നിലം നികത്തലിനെതിരെ ജില്ലാ കളക്ടർ, ആർ. ഡി.ഒ, വില്ലേജ് ഓഫീസർ, ചീഫ് സെക്രട്ടറി എന്നിവർക്ക് പരാതി നൽകിയിട്ടും നടപടിയെടുത്തില്ല. വിജിലൻസ് അന്വേഷിക്കണമെന്നാവശ്യപ്പെട്ടാണ് യു.ഡി.എഫ്. അംഗം കൂടിയായ വിദ്യാ സംഗീത് ഹർജി നൽകിയത്. ഈ ഹർജിയിൽ ചീഫ് ജസ്റ്റീസ് മഞ്ജുള ചെല്ലൂർ, ജസ്റ്റീസ് പി. ആർ. രാമചന്ദ്രമേനോൻ എന്നിവരടങ്ങുന്ന ഡിവിഷൻ ബഞ്ച് സർക്കാരിന്റെ വിശദീകരണം തേടി. കുറ്റൂർ വില്ലേജ് ഓഫീസർ പാടം നികത്തുന്നത് തടഞ്ഞ് ഉത്തരവിട്ടിട്ടുള്ളതായി സർക്കാരിനു വേണ്ടി ഹാജരായ അഡ്വക്കെറ്റ് ജനറൽ ദണ്ഡപാണി കോടതിയെ അറിയിച്ചു. സ്റ്റോപ് മെമ്മോ സംബന്ധിച്ച രേഖകളും കോടതിയിൽ ഹാജരാക്കി. സ്റ്റോപ് മെമ്മോക്കു ശേഷമുള്ള സ്ഥിതി അറിയുന്നതിന് അഭിഭാഷക കമ്മീഷനെ നിയോഗിക്കാമെന്ന് കോടതി പറഞ്ഞപ്പോൾ അതിന്റെയൊന്നും ആവശ്യമില്ലെന്നു പറയുകയാണ് അഡ്വക്കേറ്റ് ജനറൽ ദണ്ഡായുധപാണി ചെയ്തത്. കമ്മീഷനെ നിയോഗിക്കുന്നതിൽ സർക്കാർ എന്തിനാണ് ഭയപ്പെടുന്നത് എന്ന് കോടതി ദണ്ഡപാണിയോട് ആരായുകയും ചെയ്തു. നെൽവയൽ നീർത്തട നിയമം അട്ടിമറിച്ചുകൊണ്ട് പുഴക്കൽ പാടത്ത് 19 ഏക്കറിൽ നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കണമെന്നും പാടം പൂർവ്വ സ്ഥിതിയിലാക്കണമെന്നും കാണിച്ച് ഹൈക്കോടതി ഉത്തരവിട്ടു. നെൽവയൽ നീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നടക്കുന്ന നിയമപോരാട്ടങ്ങൾക്ക് ബലം പകരുന്ന ഈ വിധി പക്ഷേ പത്രങ്ങളിലൊന്നും വന്നില്ല. ശോഭാ സിറ്റിയുടെ പരസ്യക്കാശ് പെട്ടിയിൽ വീഴുമ്പോൾ പത്രധർമ്മം മാറ്റിവെച്ച് കച്ചവട ധർമ്മം പാലിക്കുന്നതാണല്ലോ ലാഭം.

ചന്ദ്രബോസ് കേസുമായി ബന്ധപ്പെട്ട് തന്റെ കക്ഷിയിലെ നേതാക്കളും പോലീസും ചീഞ്ഞളിഞ്ഞു കഴിഞ്ഞു എന്നു മനസ്സിലാക്കിയ ആഭ്യന്തരമന്ത്രി ചെന്നിത്തല പത്രക്കാരോടു പറഞ്ഞു, 'പോലീസിന്റെ മേൽ ഒരു സ്വാധീനവുമില്ല. പോലീസിനെ സ്വതന്ത്രമായി വിട്ടിരിക്കുകയാണ്'. പോലീസുമന്ത്രി എന്തായാലും സത്യം പറഞ്ഞു. പോലീസ് സ്വതന്ത്രമായിത്തന്നെയാണ് നീങ്ങുന്നത്. അല്ലെങ്കിൽ, അന്വേഷണത്തിന് നിസാമുമായി ബാംഗ്ലൂരിലേക്ക് പോലീസ് പോയത് അയാളോടൊപ്പം അയാളുടെ ആഡംബരക്കാറായ റോൾസ് റോയ്സിലായിരുന്നു എന്നും യാത്രയും താമസവുമെല്ലാം ഉല്ലാസയാത്രപോ



പ്രഥമ വിവരം

ജില്ല : തൃശ്ശൂർ — പോലീസ് സ്റ്റേഷൻ : പേരാമംഗലം

വാഹനാപകടത്തിൽ പരിക്ക് പറ്റി തൃശ്ശൂർ അമല ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന എടക്കളത്തൂർ വില്ലേജ് പോന്നോർ ദേശത്ത് കല്ലാറവഴിയിൽ താമസം ചവറാട്ടിൽ വീട്ടിൽ സുജിത്ത് ഭാര്യ നീതു. 18 വയസ്സ് എന്ന സ്ത്രീ ഇന്ന് 08-11-2014 തീയതി 16.00 മണിക്ക് പേരാമംഗലം പോലീസ് സ്റ്റേഷനിലെ WCPO 5334 ധനലക്ഷ്മിയോട് ആശുപത്രിയിൽ വെച്ച് പറഞ്ഞ മൊഴി 17.00 മണിക്ക് പേരാമംഗലം പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ, പേരാമംഗലം പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ വി. എ. ഷെറീഫ് [illegible] ഞാൻ ടി കാര്യം പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം. 1678/2014 u/s 341, 323, [illegible] 452, 354, 34 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്യുന്നു. അസ്സൽ [illegible] ഇതോടൊന്നിച്ചുണ്ട്.

അക്രമികൾ ഇരുമ്പുകമ്പി ചൂടാക്കി ദേഹത്ത് പൊള്ളിച്ച നീതുവിന്റെ മൊഴി വാഹനാപകടത്തിൽ പരിക്ക് പറ്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്ന എഫ്.ഐ.ആർ

ലെയായിരുന്നു എന്നുമുള്ള ആരോപണങ്ങൾ ഉയരുമായിരുന്നില്ലല്ലോ. ഒരു തെളിവും ലഭിക്കാതെയാണല്ലോ അവർ അവിടെനിന്നും മടങ്ങിയത്. ഏറ്റവും പ്രധാന തെളിവായ മരണമൊഴി എടുക്കാതിരുന്നതും ഏറ്റവും പ്രധാന ദൃക്സാക്ഷിയായ നിസാമിന്റെ ഭാര്യയെ അന്വേഷിക്കുകയോ ചോദ്യം ചെയ്യുകയോ നടത്തുന്നതിൽ അലംഭാവം കാണിച്ചതും പോലീസ് സ്വതന്ത്രരായതുകൊണ്ടുതന്നെയാകാം. ഒരു കോടി രൂപയുടെ കാർ ഉപയോഗിച്ച് ഒരാളെ ഇടിച്ചു വീഴ്ത്തുകയും അഞ്ച് ലക്ഷം രൂപയുടെ ഷൂസ് ധരിച്ച കാലുകൊണ്ട് അയാളെ ചവിട്ടി കൊല്ലുകയും ചെയ്യുന്നവന്റെ പാദസേവചെയ്യലാണ് പോലീസ് നീതിയെന്ന് ജനങ്ങളുടെ മുന്നിൽ തെളിഞ്ഞുകഴിഞ്ഞു. ഭൂരഹിതർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂമിഗീതം എന്ന സംഗീത പരിപാടി നടത്തുന്നതിന് മുഹമ്മദ് നിസാമിൽ നിന്നും ജില്ലാ ഭരണകൂടം അഞ്ച് ലക്ഷം രൂപ വാങ്ങുകയും അതിന് രശീതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. വനിതാ എസ്.ഐയെ കാറിൽ രണ്ട് മണിക്കൂറോളം പൂട്ടിയിട്ട കേസ് നടന്നുകൊണ്ടിരിക്കുമ്പോഴാണ് പ്രതിയിൽ നിന്നുള്ള സമ്മാനം വാങ്ങൽ. കളക്ടർ നേരിട്ട് ഫോൺ വഴി ബന്ധപ്പെട്ടാണ് അഞ്ച് ലക്ഷം രൂപ വാങ്ങിയതെന്നും ആരോപണമുണ്ട്. ഭൂമിഗീതം സംഗീത പരിപാടി വിജയകരമായി നടപ്പാക്കിയതിന് സർക്കാർ പ്രത്യേക പുരസ്കാരം നൽകി ആദരിച്ച കളക്ടർ എം.എസ്. ജയയ്ക്കുതന്നെയാണ് മുഹമ്മദ് നിസാമിനെതിരെ കാപ്പ ചുമത്താനുള്ള ചുമതലയും.

ആടിനെ പട്ടിയാക്കുന്നതിലുള്ള വൈദഗ്ദ്ധ്യം നേരത്തെതന്നെ പേരാമംഗലം പോലീസ് കാണിച്ചിട്ടുണ്ട്. നാട്ടുകാർക്ക് ഇതേ പേരാമംഗലം പോലീസ് സ്റ്റേഷനിൽ നിന്നുതന്നെ നാലുമാസങ്ങൾക്കുമുമ്പ് ഇതിനോടു സമാനമായ മറ്റൊരനുഭവം ഉണ്ടായിട്ടുണ്ട്. സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പോന്നോരിൽ താമസിക്കുന്ന നീതു എന്ന 18 വയസ്സുള്ള പെൺകുട്ടിയുടെ വീട്ടിൽ ഉച്ച സമയത്ത് രണ്ടുപേർ അതിക്രമിച്ച് കയറി കൈത്തണ്ടയിൽ പൊള്ളലേൽപ്പിച്ച സംഭവമാണ് അത്. മീൻ വരഞ്ഞതുപോലെ ഇരുപതോളം സ്ഥലത്ത് പൊള്ളിച്ച പാടുകൾ ഉണ്ടായിരുന്നു. രണ്ട് അക്രമികൾ വീടിനകത്ത് കയറിവന്ന് ഉള്ളിൽ നിന്നും വാതിൽ കുറ്റിയിട്ടതിന് ശേഷം അടുക്കളയിൽ ചെന്ന് ഗ്യാസ് ഓൺ ചെയ്ത് ഇരുമ്പുകമ്പി ചൂടാക്കിയാണ് ദേഹത്ത് പൊള്ളിച്ചതെന്ന് പെൺകുട്ടി പോലീസിന് മൊഴികൊടുത്തിട്ടുണ്ട്. ബസിൽ പോകുമ്പോൾ കണ്ടക്ടർ ഫോൺ നമ്പർ ചോദിക്കുകയും അതു കൊടുക്കാതിരിക്കുകയും ചെയ്തതിനെ തുടർന്ന് കുറേ പ്രശ്നങ്ങൾ മുമ്പേ നടന്നിട്ടുണ്ടായിരുന്നു. കണ്ടക്ടറുടെ ഒപ്പമുള്ളവർ കുട്ടി പഠിക്കുന്ന സ്ഥലത്തുവെച്ച് ഏതോ കൂർത്തമുനയുള്ള ഉപകരണം കൊണ്ട് കഴുത്തിൽ മുറിവേൽപ്പിക്കുകയും താലിമാല വലിച്ചു പൊട്ടിക്കുകയുമൊക്കെ തുടർന്ന് ഉണ്ടായിട്ടുണ്ട്. ഇതിനെതിരെ പെൺകുട്ടിയും ഭർത്താവും സ്റ്റേഷനിൽ പരാതിപ്പെട്ടിരുന്നു. 'പോലീസ് സ്റ്റേഷനിൽ പരാതി കൊടു

ത്താൽ ഇതാണനുഭവം' എന്നു പറഞ്ഞുകൊണ്ടാണ് പിറ്റേന്ന് വീട്ടിലേക്ക് വന്നവർ ഉപദ്രവിച്ചത്. പൊള്ളിച്ചതിനെതുടർന്ന് പോലീസ് ജീപ്പിലാണ് കുട്ടിയെ അമല ആസ്പത്രിയിൽ എത്തിച്ചത്. ഇത്രയും വലിയ കാടത്തം നടന്നിട്ടും പോലീസ് നിഷ്ക്രിയരാകുന്നതിൽ പ്രതിഷേധിച്ച് ഇരുനൂറോളം പേർ പേരാമംഗലം പോലീസ് സ്റ്റേഷനിലെത്തി. ജനങ്ങളുടെ ആവശ്യപ്രകാരം പ്രഥമവിവര റിപ്പോർട്ട് പോലീസിന് കൈമാറേണ്ടിവന്നു. 'വാഹനാപകടത്തെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നു' എന്നാണ് കൈത്തണ്ട പൊള്ളിച്ച സംഭവത്തെകുറിച്ച് സബ് ഇൻസ്പെക്ടർ ഒപ്പുവച്ച എഫ്.ഐ.ആർ-ൽ ഉള്ള

മടിക്കാത്ത പോലീസിന് ചന്ദ്രബോസിന്റെ മരണത്തെ വാഹനാപകടമാക്കാനാണൊ പ്രയാസം? പ്രത്യേകിച്ചും ഇതിൽ ഒരു വാഹനം ഉൾപ്പെട്ടിട്ടുണ്ടെന്ന് എല്ലാവർക്കും അറിയുകയും ചെയ്യാം എന്നിരിക്കെ. മനപ്പൂർവ്വമല്ലാത്ത നരഹത്യക്ക് അഞ്ഞൂറോ എഴുനൂറ്റമ്പതോ രൂപ പിഴയടച്ച് അധികം താമസിയാതെ പുറത്തുവരുന്ന മുഹമ്മദ് നിസാമിനേയും പ്രതീക്ഷിച്ച് അക്ഷമരായി കഴിയുകയായിരിക്കും സസ്പെൻഷനിലാകാത്ത പോലീസുദ്യോഗസ്ഥരും പാർട്ടി ഭാരവാഹികളും. കാരണം എത്രയും വേഗം പുറത്തിറങ്ങി അടുത്ത അതിക്രമം കാണിച്ചാലല്ലേ നിസാമിൽ നിന്നും ടിപ്പ് കിട്ടുകയുള്ളൂ.




താമസിക്കുന്നവർ അഭിമാനം കൊള്ളുന്നതായി പറയുന്ന ശോഭാ സിറ്റിയുടെ പരസ്യം.

ത്. അന്ന് ഉയർന്ന ഉദ്യോഗസ്ഥരും സാറാ ജോസഫിനെ പോലുള്ള പൊതുപ്രവർത്തകരും ഇടപെട്ടിട്ടാണ് ശരിയായ രീതിയിൽ അന്വേഷിക്കാം എന്ന ഉറപ്പിന്മേൽ ജനക്കൂട്ടം പോലീസ് സ്റ്റേഷനിൽ നിന്നും പിരിഞ്ഞുപോയത്. കണ്ടക്ടർ പോലീസിൽ സെലക്ഷൻ കിട്ടിയിട്ടുള്ള ആളാണെന്നും അയാളുടെ ബന്ധു പോലീസിൽ ഉണ്ടെന്നും ഏതോ നേതാവിന്റെ അയൽക്കാരനാണെന്നുമൊക്കെ പിന്നീട് കേട്ടു. ഇത്തരം ആളുകളെയാണല്ലോ എന്തുവിലകൊടുത്തും പോലീസ് സേനയിലേക്ക് കൊണ്ടുവരേണ്ടത്. കേസിന്റെ അന്വേഷണം നാലുമാസം കഴിഞ്ഞിട്ടും എവിടേയുമെത്തിയിട്ടില്ല.

ഇതേ പേരാമംഗലം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഇതേ അമല ആശുപത്രിയിൽ തന്നെയാണ് ചന്ദ്രബോസ് സംഭവവും നടക്കുന്നത്. കൈത്തണ്ടയിൽ പൊള്ളലേൽപ്പിച്ച കേസ് പോലും വാഹനാപകടമാക്കാൻ

ശോഭാസിറ്റിക്കകത്തുവെച്ച് മുഹമ്മദ് നിസാം എന്ന തെമ്മാടി ചെയ്തതിനേക്കാൾ പതിനായിരം ഇരട്ടി വലുപ്പമുള്ള പാതകമാണ് നിയമങ്ങളെയെല്ലാം അട്ടിമറിച്ചുകൊണ്ട് വയലുകളുടെ മദ്ധ്യത്തിൽ ശോഭാസിറ്റി എന്ന ഹൈടെക് നഗരം നിർമ്മിച്ചതിലൂടെ പി.എൻ.സി. മേനോൻ ചെയ്തിരിക്കുന്നത്. ശരിയായ അർത്ഥത്തിൽ ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ് മേനോനും നിസാമും. മനുഷ്യരെ കൊല്ലുന്നവർക്ക് കോളനിയുണ്ടാക്കികൊടുക്കുക എന്നതാണ് ഭൂമിയുടെ കാലനായ മേനോന്റെ ദൗത്യം. പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതമോ കർഷകരുടെ ആശങ്കകളോ കുടിവെള്ളം മുട്ടുന്നതോ ഒന്നും കണക്കിലെടുക്കാതെ തങ്ങളുടെ സുഖസൗകര്യങ്ങൾ മാത്രം നോക്കുന്ന തൻകാര്യം നോക്കികളാണ് ശോഭാസിറ്റിയിലെ അന്തേവാസികൾ. ശോഭാസിറ്റിയിൽ താമസിക്കാൻ തുടങ്ങിയതോടെ തങ്ങളുടെ ഡിഗ്നിറ്റി ഉയർന്നുവെന്ന് വഴിയോ

രങ്ങളിൽ ശോഭാസിറ്റിക്കുവേണ്ടി ഉയർത്തിയിട്ടുള്ള കൂറ്റൻ പരസ്യ ബോർഡുകളിലൂടെ അവർ നാട്ടുകാരോട് വിളിച്ചു പറയുന്നു. അതിൽ വിദ്യാർത്ഥിനികൾ മുതൽ വീട്ടമ്മമാർ വരെയുണ്ട്. ഒരു ഡോക്യുമെന്ററിയിലേക്കുള്ള അഭിമുഖത്തിനുവേണ്ടി സംസ്ഥാനത്തെ ഉന്നതനായ നേതാവിന്റെ ബന്ധുവിനെ തേടി ശോഭാ സിറ്റിയിൽ ചെന്ന അനുഭവം ഒരു സുഹൃത്ത് പറയുകയുണ്ടായി. അഭിമുഖം കഴിഞ്ഞ്, നാട്ടിൽ നടമാടുന്ന മൂല്യച്യുതിയെപ്പറ്റി വെടിവട്ടം നടത്തുന്നതിനിടയിൽ താൻ ഈ സിറ്റിയിലെ ആദ്യത്തെ അന്തേവാസികളിൽ ഒരാളാണെന്ന് അഭിമാനപൂർവ്വം പറഞ്ഞ അദ്ദേഹത്തോട് ഷൂട്ടിംഗ് സംഘത്തിലെ ഒരാൾ, അതിനുമുമ്പ് താൻ ഇവിടെ എത്തിയിട്ടുണ്ടെന്നും അത് പാടം നികത്തുന്നതിനെതിരെ സമരം ചെയ്യാനാണെന്നും പറഞ്ഞതോടെ അദ്ദേഹം ഫ്ളാറ്റിനകത്തേയ്ക്ക് ഊളിയിട്ടുപോയത്രെ. പാടശേഖരങ്ങൾക്കു നടുവിൽ ആകാശങ്ങളെ ഭേദിച്ച് ഉയർന്നുനിൽക്കുന്ന ഈ സ്വപ്ന നഗരത്തെ പുറത്തുനിന്നു നോക്കുന്നവർ ഭൂമിയോട് കാണിച്ച ധിക്കാരമായാണ് കാണുന്നത്. കറുത്ത പണം ഉപയോഗിച്ച് അതിനകത്ത് കയറിപ്പറ്റാനായ വരാകട്ടെ അതിന്റെ പേരിൽ അഭിമാനവിജ്യംഭിതരാകുന്നു.

'പാടം നികത്തുന്ന ചങ്ങായ്' എന്ന് കുടുംബപേരിൽ തന്നെയുള്ള പി.എൻ.സി. മേനോൻ പുഴക്കൽ പാടം അവസാനിപ്പിച്ചതിനു ശേഷം അടുത്തതായി ലക്ഷ്യം വെക്കുന്നത് എറണാകുളം ജില്ലയിലെ വളന്തക്കാട് ദ്വീപാണ്. കൊച്ചിയുടെ ശ്വാസകോശമാണ്, ലോകത്തിലെതന്നെ ഏറ്റവും സമ്പന്നമായ കണ്ടൽകാടുകളുള്ള ഈ തണ്ണീർ തടം. 77 തരം സസ്യജാലങ്ങളും 27 തരം ജീവജാലങ്ങളുമടങ്ങുന്ന ജൈവവൈവിദ്ധ്യ മേഖലയാണ് അത്. ആഗോളതാപനവും കല്ലൂർ പെരിയാർ വ്യവസായ മേഖലയിൽ നിന്നുമുള്ള വായുമലിനീകരണവും മൂലം നട്ടംതിരിയുന്ന, അതീവ ജനസാന്ദ്രതയുള്ള നഗരത്തിനെ ഓക്സിജൻ മാസ്കുപോലെ സംരക്ഷിച്ചുനിർത്തുന്ന പച്ചപ്പുനിറഞ്ഞ പ്രദേശമാണ് വളന്തക്കാട്. വളരെയധികം ഔഷധഗുണമുള്ള പൊക്കാളി നെല്ലിന്റെ കൃഷിയും അവിടെ നടക്കുന്നുണ്ട്. ഈ തണ്ണീർ തടത്തിലെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 400 ഏക്കർ ഭൂമിയിൽ 320 ഏക്കർ ശോഭാ ഗ്രൂപ്പ് സ്വന്തമാക്കിക്കഴിഞ്ഞു. ഭൂപരിഷ്ക്കരണ നിയമത്തിലെ (1963) വ്യവസ്ഥകളിൽ നിന്ന് രക്ഷപ്പെടാനായി 18 വ്യത്യസ്ത കമ്പനികളുടെ പേരിലാണ് ഭൂമി വാങ്ങിക്കൂട്ടിയിരിക്കുന്നത്. 4 കോടി ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 500 കോടി രൂപ ചെലവു ചെയ്താണ് ശോഭ ഡെവലപ്പേഴ്സ് ഭൂമിയുടെ പുണ്യമായ ഈ സ്ഥലം നിരപ്പാക്കുക. 2008 ലെ നെല്ല്, തണ്ണീർതട സംരക്ഷണ നിയമം, 2006 ലെ ദേശീയ പരിസ്ഥിതി നിയമം, 1988 ലെ ദേശീയ വന സംരക്ഷണ പദ്ധതി, 1987 ലെ ദേശീയ തണ്ണീർതട സംരക്ഷണ പദ്ധതി, 2007 ലെ തീരദേശ പരിസ്ഥിതി പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള ദേശീയ തന്ത്ര-പ്രവർത്തന രേഖ, 2007 ലെ തന്നെ കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ പ്രവർത്തന രേഖ, 1963 ലെ കേരള സംസ്ഥാന ഭൂപരിഷ്ക്കരണ നിയമം 1894 ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമം തുടങ്ങി നിരവധി നിയമലംഘനങ്ങളാണ് വളന്തക്കാട് നടക്കാൻ പോകുന്നത്.

വളന്തക്കാടിന്റെ പച്ചപ്പിലേക്ക് പറന്നിറങ്ങാൻ മേനോന് ഇനിയും സാധിച്ചിട്ടില്ല. മേനോന്റെ അന്തേവാസിയായ മുഹമ്മദ് നിസാമിന് ഒരുപക്ഷേ നല്ല നടപ്പിനോ നേരിയ പിഴയോ ശിക്ഷയായി ലഭിച്ചേക്കാം. കോടികളുടെ ആസ്തിയുമായി ഭൂമിയെ തുരക്കുന്ന ഈ ഭീമൻ കീടത്തെ തൊടാൻ ഇവിടത്തെ ഒരു നിയമവ്യവസ്ഥക്കും കെല്പുണ്ടാവില്ല. ദൈവത്തിന്റെ കോടതിയിൽ പോലും ശിക്ഷ ലഭിക്കാതിരിക്കാനുള്ള വിദ്യകൾ മേനോൻ പയറ്റിപ്പോരുന്നുണ്ട്. സ്വന്തം തൂക്കത്തിനുള്ള സ്വർണ്ണം തുലാഭാര വഴിപാട് കൊടുത്തുകൊണ്ട് ഗുരുവായൂരപ്പനെ വരെ വിലക്കെടുത്തുകഴിഞ്ഞു. ദൈവങ്ങളുടെ വീടുകളിലേക്ക് കല്ല്യാണങ്ങൾക്കോ മറ്റുചടങ്ങുകൾക്കോ പോകേണ്ടി വരുമ്പോൾ വല്ലാത്ത വൈക്ലബ്യം അനുഭവിക്കുകയാണ് സാക്ഷാൽ ഗുരുവായൂരപ്പൻ. ഒരിക്കൽ ഭൂമിയെ ഉയർത്തിക്കൊണ്ടുവരുന്നതിന് വേണ്ടി വരാഹത്തിന്റെ അവതാരം എടുത്തിട്ടുള്ളയാൾ, ഭൂമിയെ പാതാളത്തിലേക്ക് ചവുട്ടിത്താഴ്ത്തുന്ന ഒരു ഭക്തൻ സ്വന്തം തൂക്കത്തിനുള്ള സ്വർണ്ണവുമായി വന്നപ്പോൾ ആർത്തിയോടെ അത് സ്വീകരിച്ചു എന്നുപറഞ്ഞ് സഹ ദേവീദേവന്മാർ അദ്ദേഹത്തെ നിരന്തരം പരിഹസിക്കുകയാണ്. പഞ്ചായത്ത് തലത്തിൽ വരെ ആൾ ദൈവങ്ങൾ നിറഞ്ഞ് യഥാർത്ഥ ദൈവങ്ങൾ ദാരിദ്ര്യം അനുഭവിക്കുന്ന ഘട്ടം വന്നപ്പോഴാണ് ആദർശത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്തതും സ്വർണ്ണം സ്വീകരിച്ചതും. അത് ഇത്രവലിയ മാനഹാനിയുണ്ടാക്കുമെന്ന് അന്ന് ഓർത്തില്ല. ഗുരുവായൂരിലെ വിഗ്രഹത്തിൽ ദൈവചൈതന്യം കുറഞ്ഞുവരുന്നതായും അതിനു കാരണം നികത്തൽ മേനോനെ പോലുള്ളവരുടെ സ്വർണ്ണം വിഗ്രഹത്തിൽ ചാർത്തുന്നതാണെന്നും ഒരു പക്ഷേ എന്നെങ്കിലും അഷ്ടമംഗല്യ പ്രശ്നത്തിൽ കണ്ടേക്കാം. അതിനുള്ള പ്രായശ്ചിത്ത നടപടികളും ക്ഷേത്രത്തിൽ നടത്തിയേക്കാം. അന്ധ

വിശ്വാസം എന്നു പറഞ്ഞ് പരിഹസിച്ചേക്കാവുന്ന ഇടങ്ങളിൽ നടക്കാനിടയുള്ള പരിഹാര കർമ്മങ്ങൾ പോലും ഭൂമിയുടെയും വെള്ളത്തിന്റെയും അന്തകനെതിരെ നമ്മുടെ ഭരണാധികാരികളിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ല. അവർ എല്ലാറ്റിനും കൂട്ടുനിൽക്കുന്നത് പൂർണ്ണ ബോദ്ധ്യത്തോടുകൂടിയാണ്. അല്ലെങ്കിൽ എങ്ങിനെയാണ് ഭക്ഷ്യസുരക്ഷയും കുടിവെള്ളവും എന്നെന്നേക്കുമായി ഇല്ലാതാക്കുന്ന ശോഭാസിറ്റികൾ ചെയ്യുന്ന ദ്രോഹം തുടരുന്നത്? തൃശൂർ ജില്ലയിലെ വയലുകൾ അവസാനിപ്പിച്ച്, എറണാകുളത്തിന്റെ ശ്വാസകോശത്തിൽ തുളകൾ വീഴ്ത്താനായി ഓഫീസ് തുറന്ന് അതിനുമുകളിൽ റാകിപ്പറക്കുന്നത്? പണത്തിനു മീതെ പരുന്തും പറക്കില്ലെന്നതിന് തെളിവാണ് എല്ലാ രാഷ്ട്രീയ കക്ഷികളുടേയും ഇഷ്ടതോഴരായി നിസാം

അവർ എല്ലാറ്റിനും കൂട്ടുനിൽക്കുന്നത് പൂർണ്ണ ബോദ്ധ്യത്തോടുകൂടിയാണ്. അല്ലെങ്കിൽ എങ്ങിനെയാണ് ഭക്ഷ്യസുരക്ഷയും കുടിവെള്ളവും എന്നെന്നേക്കുമായി ഇല്ലാതാക്കുന്ന ശോഭാസിറ്റികൾ ചെയ്യുന്ന ദ്രോഹം തുടരുന്നത്? തൃശൂർ ജില്ലയിലെ വയലുകൾ അവസാനിപ്പിച്ച്, എറണാകുളത്തിന്റെ ശ്വാസകോശത്തിൽ തുളകൾ വീഴ്ത്താനായി ഓഫീസ് തുറന്ന് അതിനുമുകളിൽ റാകിപ്പറക്കുന്നത്?

ബിരിയാണി കഴിച്ചുകൊണ്ട് ജയിലിലും മേനോൻ പാടങ്ങളെല്ലാം നിരത്തിക്കൊണ്ട് പുറത്തും വിരാജിക്കുന്നത്. പി.എൻ.സി മേനോനും മുഹമ്മദ് നിസാമും ഉമ്മൻ ചാണ്ടിയും ചെന്നിത്തലയും അവരുടെ പോലീസും നടപ്പാക്കുന്നതിനേക്കാൾ എത്രയോ ഉയർന്ന നീതിയായിരുന്നു ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കോളനിയായിരുന്ന കാലത്ത് ഈ രാജ്യത്ത് നിലവിലുണ്ടായിരുന്നത്!

നിസാമിനെ രക്ഷിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്ന് ഡി.ജി.പിയും മുൻ ഡി.ജി.പിയും പോലീസ് കമ്മീഷണറും തലപുകച്ച് ആലോചിക്കുന്നതിന്റെ വ്യക്തമായ തെളിവാണ് പി.സി. ജോർജ്ജ് പുറത്തുവിട്ട സി.ഡിയിലുള്ളത്. സംഭാഷണം പുറത്തായപ്പോൾ തനിക്ക് നിസാം എന്നൊരാളെ അറിയില്ലെന്ന് ഡി.ജി.പി പറയുന്നു. തനിക്ക് പരിചയമില്ലാത്ത ഒരാളെ രക്ഷിക്കേണ്ട ആവശ്യം ഡി.ജി.പിക്കുവരുന്നത് തീർച്ചയായും ഡി.ജി.പിക്കും മുകളിലുള്ളവരുടെ നിർദ്ദേശം കൊണ്ടായിരിക്കണം. അത് മുഖ്യമന്ത്രിയോ ആഭ്യന്തര മന്ത്രിയോ ആണെന്ന് വ്യക്തമാണ്. അതുകൊണ്ടായിരിക്കാം കോടിയേരി ബാലകൃഷ്ണൻ അന്വേഷണം അട്ടിമറിക്കുന്നതിൽ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും പങ്കുണ്ടെന്ന് ആരോപിച്ചത്. ചന്ദ്രബോസ് അപകടത്തിൽ പെട്ടപ്പോൾ മുഖ്യമന്ത്രി ഓടിയെത്തിയത് നിസാമിനെ രക്ഷിക്കാനായിരുന്നോ എന്നാണ് യഥാർത്ഥത്തിൽ അന്വേഷിക്കേണ്ടത്. കാരണം അവിടം മുതലാണ് എല്ലാ തെളിവുകളും നശിപ്പിക്കപ്പെട്ടത്. മരണമൊഴി എടുക്കാതിരുന്നതും വസ്ത്രം നശിപ്പിച്ചതും ഭാര്യക്കെതിരെ ഒരന്വേഷണവും ഇല്ലാത്തതും ബാംഗ്ലൂരിലേക്ക് പ്രതിയുമായി ഉല്ലാസയാത്ര പോയതും ശിങ്കിടികളായ നേതാക്കളുടെ ജയിൽ സന്ദർശനവും എല്ലാം നടന്നത് 'ശക്തമായ നടപടിയെടുക്കും' എന്ന് മുഖ്യമന്ത്രി ചിലച്ചുകൊണ്ടിരിക്കുമ്പോൾ തന്നെയാണ്.

അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങി അടിമുതൽ മുടിവരെ ഒരു സിസ്റ്റം അളിഞ്ഞുതീരുന്നതിന്റെ ദുർഗന്ധത്തിൽ ഒരു സംസ്ഥാനമാകെ ആഴ്ന്നുപോവുകയാണ്.

ചന്ദ്രബോസിന്റെ ചേതനയറ്റ ശരീരം വീട്ടിൽ കൊണ്ടുവന്നപ്പോൾ, ഭരിക്കുന്നവരുടെ ഭാഗത്തുനിന്നുള്ള എല്ലാ നീക്കങ്ങളും നടപടികളും നേരിട്ട് മനസ്സിലാക്കിയ 16കാരനായ മകൻ 'അച്ഛാ, അച്ഛനെ കൊന്നവനെ ഞാൻ കൊല്ലും' എന്നാണ് കരഞ്ഞുകൊണ്ട് വിളിച്ചുപറഞ്ഞത്. എല്ലാ ചാനലുകളും അതുതന്നെ ആവർത്തിച്ചു കാണിച്ചുകൊണ്ടിരുന്നു. 'എന്റെ മകനെ ചവുട്ടി കൊന്നവനെതിരെ ഇവിടത്തെ പോലീസ് എന്തെങ്കിലും നടപടിയെടുക്കുമെന്ന് എനിക്ക് വിശ്വാസമില്ല. മറ്റൊരമ്മയ്ക്കും ഇത്തരത്തിലുള്ള ഗതിവരാതിരിക്കാൻ നിങ്ങൾ ജനങ്ങളാണ് തീരുമാനിക്കേണ്ടത്' എന്ന് കാണാനെത്തുന്ന ഓരോരുത്തരോടും ചന്ദ്രബോസിന്റെ അമ്മ പറഞ്ഞുകൊണ്ടിരിക്കുന്നു. പോലീസ് ഞങ്ങളെ ചതിക്കുകയാണെന്ന് ചന്ദ്രബോസിന്റെ ഭാര്യ മുന്നിലെത്തുന്നവരോട് ദൈന്യതയോടെ പറയുന്നു. ആക്രമണത്തിന് പരസ്യമായി ആഹ്വാനം ചെയ്തെന്നോ ഭാവിയിൽ മാവോയിസ്റ്റാവാൻ സാദ്ധ്യതയുണ്ടെന്നോ ആരോപിച്ച് ആ കുട്ടിയുടേയും അമ്മയുടേയും ഭാര്യയുടേയും മേൽ ഉമ്മൻ പോലീസ് നടപടിയെടുക്കുമോ എന്ന് ഭയപ്പെടണം. കാരണം, സമാധാന കാംക്ഷികളായ ജനങ്ങളെ മാവോയിസ്റ്റാക്കിക്കൊണ്ടിരിക്കുന്ന കാരണങ്ങൾക്കെതിരെ ചെറുവിരൽ അനക്കാൻ പോലും ഉമ്മനും തൊമ്മനും ഉദ്ദേശിക്കുന്നില്ലല്ലോ... ■